# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7786 – 23/07/2012-ലെ മറുപടിക്ക്**

സ്വയംസംരംഭക മിഷന്റെ രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :** | | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | സ്വയം സംരംഭക മിഷന്റെ രണ്ടാം ഘട്ട പദ്ധതിയിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | സ്വയം സംരംഭക വികസന മിഷന്റെ രണ്ടാം ബാച്ചിലേക്കുള്ള അപേക്ഷ ജൂലൈ 6 മുതൽ ഓൺലൈനായി സ്വീകരിച്ചു തുടങ്ങി. കമ്പ്യൂട്ടറൈസേഷൻ വഴി അപേക്ഷ സ്വീകരിക്കൽ, പരിശോധന, തെരഞ്ഞെടുക്കൽ, വായ്പ വിതരണം എന്നിവ രണ്ട് മാസം കൂടുന്തോറും നടത്താൻ കഴിയും വിധം പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ(കെ.എഫ്.സി) സജ്ജമായിക്കഴിഞ്ഞു. അപേക്ഷകർക്ക് പിന്നീടുള്ള ഓരോ ഘട്ടത്തിലും എസ്.എം.എസ് മുഖേന അറിയിപ്പ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് കെ.എഫ്.സി.യുടെ 'വെബ്സൈറ്റ്' മുഖേന ഓൺലൈൻ ആയി അറിയുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഒന്നാം ഘട്ടത്തിൽ എത്ര പുതിയ യുണിറ്റുകൾക്ക് രൂപം | ഈ പദ്ധതിയുടെ ആദ്യ ബാച്ചിൽ 231 (ഇരുന്നൂറ്റി മുപ്പത്തി ഒന്ന്) സംരംഭങ്ങൾ വായ്പയ്ക്ക് അർഹത നേടുകയുണ്ടായി. ഇതിൽ ഒമ്പത് |

| | | |
|---|---|---|
| | നൽകുകയുണ്ടായി ;<br>വിശദാംശങ്ങൾ എന്തെല്ലാം; | സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചു കഴിഞ്ഞു. ബാക്കി സംരംഭങ്ങൾക്കുള്ള വായ്പ അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഏതെല്ലാം ബാങ്കുകളാണ് ഒന്നാം ഘട്ടത്തിൽ സഹകരിച്ചത് ;<br>വിശദമാക്കുമോ ? | ഇതുവരെ പഞ്ചാബ് നാഷണൽ ബാങ്കും കാനറാ ബാങ്കുമാണ് വായ്പകൾ അനുവദിച്ചത്. മറ്റു ബാങ്കുകൾ അവരവരുടെ ബോർഡ്/ഹെഡ് ഓഫീസിന്റെ അംഗീകാരത്തിനായി പദ്ധതി രൂപരേഖ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ